# Telephone conversation between Prime Minister and PM of Israel

April 03, 2020

---

## പ്രധാനമന്ത്രിയും ഇസ്രായേൽ പ്രധാമന്ത്രിയും തമ്മിൽ നടത്തിയ ടെലിഫോൺ സംഭാഷണം

ഏപ്രിൽ 03, 2020

പ്രധാനമന്ത്രിയും ഇസ്രായേൽ പ്രധാനമന്ത്രി ബെഞ്ചമിൻ നെതന്യാഹുവും തമ്മിൽ ഇന്ന് ടെലിഫോൺ സംഭാഷണം നടത്തി.

നടന്നു കൊണ്ടിരിക്കുന്ന കോവിഡ് -19 പകർച്ചവ്യാധിയും ഈ ആരോഗ്യ പ്രതിസന്ധിക്കായി അതാതു സർക്കാരുകൾ സ്വീകരിച്ച പ്രതികരണ നടപടികളും ഇരു നേതാക്കളും ചർച്ച ചെയ്തു.

ഫാർമസ്യൂട്ടിക്കൽ വസ്തുക്കളുടെ ലഭ്യത മെച്ചപ്പെടുത്തുക, ഉയർന്ന സാങ്കേതികവിദ്യ ഉപയോഗിക്കുക എന്നിവ ഉൾപ്പടെ പകർച്ച വ്യാധിയോട് പൊരുതുന്നതിനു ഇന്ത്യയ്ക്കും ഇസ്രയേലിനുമിടയിൽ സാധ്യമായ സഹകരണമാർഗങ്ങൾ നേതാക്കൾ കണ്ടെത്തുകയുണ്ടായി. ഇത്തരം പങ്കാളിത്ത പ്രവർത്തനങ്ങൾക്കായി ഒരു കേന്ദ്രീകൃത ആശയവിനിമയമാർഗം പാലിക്കുന്നതിനും അവർ സമ്മതിച്ചു.

കോവിഡ്-19 പകർച്ചവ്യാധി ആധുനിക ചരിത്രത്തിലെ തന്നെ ഒരു വഴിത്തിരിവാണെന്നും മാനവികയുടെ പൊതു താല്പര്യങ്ങൾ കേന്ദ്രീകരിച്ചുള്ള ആഗോളീകരണം നടപ്പിലാക്കുന്നതിന് ലഭ്യമായ അവസരമാണ് ഇത് എന്ന പ്രധാന മന്ത്രിയുടെ അഭിപ്രയത്തോട് നെതന്യാഹു യോജിക്കുകയുണ്ടായി.

**ന്യൂ ഡൽഹി**
**03 ഏപ്രിൽ, 2020**

**DISCLAIMER : This is an approximate translation. The original is available in English on MEA's website and may be referred to as the official press release.**